**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരഗ്രാമാസൂത്രണ വകുപ്പ് - കൊല്ലം നഗരാസൂത്ര കാര്യാലയത്തിലെ ടൗൺ പ്ലാനറായ ശ്രീമതി. ദുർഗ്ഗ എസ്. ജെ.യ്ക്ക് അർദ്ധവേതനാവധി അനുവദിച്ച നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 385/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 11.02.2014

=====================================================================

പരാമർശം:- 1) മുഖ്യനഗരാസൂത്രകന്റെ 30.12.2013-ലെ എ3-11351/2013(2) നമ്പർ കത്ത്.

2) മുഖ്യനഗരാസൂത്രകന്റെ ഓഫീസിലെ 30.12.2013-ലെ എ3-11351/2013(2) നമ്പർ നടപടി ക്രമം.

**ഉത്തരവ്**

കൊല്ലം നഗരാസൂത്രണ കാര്യാലയത്തിലെ ടൗൺപ്ലാനറായ ശ്രീമതി. ദുർഗ്ഗ എസ്.ജെ.യ്ക്ക് പരാമർശം രണ്ട് പ്രകാരം 01.01.2014 മുതൽ 31.01.2014 വരെ അർഹതയുടെ അടിസ്ഥാനത്തിൽ അർദ്ധ വേതനാവധി അനുവദിക്കുകയും ടി കാലയളവിൽ നഗരാസൂത്രക തസ്തികയുടെ പൂർണ്ണ അധിക ചുമതല കൊല്ലം ഓഫീസിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി. എം.വി. ഷാരിയ്ക്ക് നല്കിയ നടപടി സാധൂകരിച്ച് നല്കണമെന്ന് പരാമർശം 1 പ്രകാരം മുഖ്യനഗരാസൂത്രക ആവശ്യപ്പെടുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സംസ്ഥാന സർവ്വീസിലുള്ള ടൗൺ പ്ലാനർ തസ്തികയിലെ ഉദ്യോഗസ്ഥർക്ക് അർദ്ധവേതന അവധി അനുവദിക്കേണ്ടത് നിയമന അധികാരിയായ സർക്കാരാണ്. മേൽ സാഹചര്യത്തിൽ സർക്കാർ അനുവാദമില്ലാതെ ടൗൺ പ്ലാനർക്ക് അവധി അനുവദിച്ച മുഖ്യനഗരാസൂത്രകയുടെ നടപടി ക്രമപ്രകാരമുള്ളതല്ല. മേൽ സാഹചര്യത്തിൽ

മേലിൽ ഇത്തരം നടപടികൾ ആവർത്തിക്കരുത് എന്ന താക്കീതോടെ കൊല്ലം നഗരാസൂത്രണ കാര്യാലയത്തിലെ ടൗൺ പ്ലാനറായ ശ്രീമതി. ദുർഗ്ഗ എസ്.ജെ.യ്ക്ക് 01.01.2014 മുതൽ 31.01.2014 വരെ അർദ്ധ വേതനാവധി അനുവദിച്ച മുഖ്യനഗരാസൂത്രകയുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**പി. റംലത്ത്,**
**അണ്ടർ സെക്രട്ടറി.**

മുഖ്യനഗരാസൂത്രക, തിരുവനന്തപുരം.
ശ്രീമതി. ദുർഗ്ഗ എസ്.ജെ., ടൗൺ പ്ലാനർ, കൊല്ലം
(മുഖ്യനഗരാസൂത്രകൻ വഴി)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**